കേന്ദ്ര ഫണ്ട് ഉപയോഗിച്ച് ദേശീയ പാതകൾ നാലുവരിയായി മാറ്റുന്നത് സംബന്ധിച്ച പ്രവർത്തനങ്ങൾ

189 (4543) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എ. പി. അനിൽകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കേന്ദ്ര ഫണ്ട് ഉപയോഗിച്ച് ദേശീയ പാതകൾ നാലുവരിയായി മാറ്റുന്നത് സംബന്ധിച്ച പ്രവർത്തനങ്ങളുടെ പുരോഗതിയെക്കുറിച്ച് വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ ഇതിന്റെ പ്രവർത്തന പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ നൽകുമോ ;

(ബി) പ്രസ്തുത പദ്ധതിയനുസരിച്ച് നടത്തിയ പണികളുടെ എത്ര ശതമാനം ഇതുവരെ പൂർത്തിയാക്കാനായി ;

(സി) പ്രസ്തുത പദ്ധതി സംസ്ഥാനത്ത് കാര്യക്ഷമമായി നടപ്പിലാക്കാൻ എന്തൊക്കെ പ്രായോഗിക ബുദ്ധിമുട്ടുകൾ ആണ് ഉള്ളതെന്ന് വ്യക്തമക്കുമോ ;

(ഡി) ദേശീയ പാതയ്ക്ക് സ്ഥലം നൽകുന്നവർക്ക് ബാക്കി സ്ഥലത്തിന് കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഇളവ് അനുവദിക്കുക വഴി കൂടുതൽ സ്ഥലം ഏറ്റെടുക്കാമെന്ന നിർദ്ദേശം പരിഗണനയിലുണ്ടോ ?

ഉത്തരം

(എ & ബി) ഉണ്ട്. പ്രവർത്തന പുരോഗതി അനുബന്ധമായി ചേർക്കുന്നു.*

(സി) പണി തുടങ്ങിയ സ്ഥലങ്ങളിൽ നിരന്തരമായി ഉണ്ടാകുന്ന തൊഴിൽ പ്രശ്നങ്ങളും, സ്ഥലമെടുപ്പ് പ്രക്രിയയിലെ പൊതുജന ഇടപെടലുകളും, ക്രഷർ, ക്വാറി പ്രവർത്തനത്തിലെ ബുദ്ധിമുട്ടുകൾ, മണൽ ലഭിക്കുന്നതിനുള്ള കാലവിളംബം, റോഡിലുണ്ടാകുന്ന മറ്റ് പ്രതിബന്ധങ്ങൾ, കോടതി കേസുകൾ എന്നിവ പ്രവർത്തനത്തിന് വിഘാതം സൃഷ്ടിക്കുന്നു.

(ഡി) ഇപ്പോൾ പരിഗണനയിലുണ്ട്.

മധുര-കോട്ടയം-ചേർത്തല ടൂറിസം ഹൈവേ പദ്ധതി

190 (4544) ശ്രീ. കെ. ബി. ഗണേഷ് കുമാർ :
ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മധുര-കോട്ടയം-ചേർത്തല ടൂറിസം ഹൈവേ പദ്ധതി പൂർത്തിയാവുമ്പോൾ സംസ്ഥാനത്ത് ഏതൊക്കെ മേഖലകളിലാണ് പുരോഗതി ലക്ഷ്യമാകുന്നതെന്ന് വ്യക്തമാക്കുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത പദ്ധതി പൂർത്തിയാവുമ്പോൾ ടൂറിസം രംഗത്ത് വൻ പുരോഗതി പ്രതീക്ഷിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതി ഏത് ഏജൻസിയെക്കൊണ്ട് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത് ; റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷനെ ഇതിന്റെ ചുമതലയിൽ നിന്നും മാറ്റിയോ ; എങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ ; പ്രസ്തുത പദ്ധതി നിർമ്മാണം അടിയന്തരമായി തുടങ്ങുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കോട്ടയം-ചേർത്തല ടൂറിസ്റ്റ് ഹൈവേ പൂർത്തിയായാൽ താഴെപ്പറയുന്ന പ്രയോജനങ്ങൾ പ്രതീക്ഷിക്കുന്നു.

1. റോഡ് സൗകര്യം നാമമാത്രമായ പ്രദേശങ്ങളിൽ സുഗമമായ യാത്രാസൗകര്യം ലഭിക്കുന്നതുമൂലം തദ്ദേശവാസികൾക്കുണ്ടാകുന്ന സമയ, സാമ്പത്തിക ലാഭം

2. പ്രദേശത്തിന്റെ സാമ്പത്തികവും സാമൂഹികവുമായ പുരോഗതിയും തദ്ദേശീയ വികസനവും.

3. പ്രധാനമായും നെല്ലുൽപാദന മേഖലയായ കുട്ടനാടൻ പ്രദേശത്ത് നിലവിലുള്ള കോട്ടയം-കുമരകം റോഡ് വർഷകാലത്ത് മിക്കവാറും വെള്ളത്തിനടിയിലായി, ദിവസങ്ങളോളം ഗതാഗത തടസ്സം ഉണ്ടാവുകയും കുമരകം മേഖല ഒറ്റപ്പെട്ടുപോവുകയും ചെയ്യുന്നതായി കണ്ടുവരുന്നു. എന്നാൽ നിർദ്ദിഷ്ട കോട്ടയം-കുമരകം-ചേർത്തല ഹൈവേ നിർമ്മിച്ചാൽ മേൽപ്പറഞ്ഞ അവസ്ഥ ഒഴിവാകുകയും തന്മൂലം ടൂറിസ്റ്റുകൾക്കും തദ്ദേശവാസികൾക്കും സുഗമമായ യാത്രാസൗകര്യം ലഭിക്കുകയും ചെയ്യും.

(ബി) പ്രസ്തുത പദ്ധതി പൂർത്തിയാകുമ്പോൾ ടൂറിസം രംഗത്ത് പുരോഗതി പ്രതീക്ഷിക്കുന്നു. നിർദ്ദിഷ്ട കോട്ടയം-ചേർത്തല റോഡിന്റെ ഒരുവശത്ത്, റോഡിനോട് ചേർന്ന്, കോട്ടയം മുതൽ കുമരകംവരെ ഏതാണ്ട് 11 കി.മീ. നീളത്തിൽ കനാലും രൂപകല്പന ചെയ്തിട്ടുണ്ട്. ഇതുമൂലം ജലടൂറിസം, വികസനം മാത്രമല്ല, പ്രദേശത്ത് റോഡുനിർമ്മാണംമൂലം നീരൊഴുക്ക് തടസ്സപ്പെട്ട് ഉണ്ടാകാവുന്ന പരിസ്ഥിതി ആഘാതവും ഇല്ലാതാകും.

(സി) ആർ. ബി. ഡി. സി. കെ. പ്രസ്തുത പദ്ധതിയുടെ സർവ്വേ പൂർത്തിയാക്കിയിട്ടുണ്ട്. ആർ.ബി.ഡി.സി.കെ.യെ ചുമതലയിൽ നിന്നും മാറ്റിയിട്ടില്ല. പദ്ധതി നടപ്പിലാക്കണമെന്നത് സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly